എൽ.ആർ (പി)1-44700/2016

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം
തിരുവനന്തപുരം – 33, തീയതി : 14/11/2016

സർക്കുലർ

വിഷയം : റവന്യൂ വകുപ്പ് – വില്ലേജാഫീസുകളുടെ പ്രവർത്തനം – ഓഫീസ് കാര്യങ്ങളിൽ ഏജന്റുമാരുടെ ഇടപെടൽ ഒഴിവാക്കുന്നത് – സംബന്ധിച്ച്

സൂചന :
1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 31.10.2016 ലെ എൽ.ആർ (ക്യൂ)1-41890/2016 നമ്പർ സർക്കുലർ
2. 07.11.2016 ൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ വില്ലേജാഫീസുകളിൽ നടന്ന മിന്നൽ പരിശോധന

ലാൻഡ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ആഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ വിവിധ വില്ലേജാഫീസുകളിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ 07/11/2016 ൽ നടന്ന ഏകദിന മിന്നൽപരിശോധനയിൽ വില്ലേജാഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ ഏജന്റുമാരുടെ സജീവ സാന്നിദ്ധ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഏജന്റുമാരുടെ ഇത്തരം ഇടപെടലുകൾ യാതൊരു സാഹചര്യത്തിലും അനുവദിക്കരുതെന്ന് നിരവധി തവണ ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇത്തരം പ്രവണതകൾ ശ്രദ്ധയിൽപെടുമ്പോൾ, തഹസിൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, വിജിലൻസ് ഡെപ്യൂട്ടി കളക്ടർ, ജില്ലാ കളക്ടർ തുടങ്ങിയവർ അത്തരം വില്ലേജാഫീസിലെ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് / ശുപാർശ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിരുന്നിട്ടും, തുടരുന്നത് അപലപനീയമാണ്. ഈ സാഹചര്യത്തിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ ചുവടെ പറയുന്ന കർശന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1. വില്ലേജാഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ യാതൊരു കാരണവശാലും ഏജന്റുമാരുടെ ഇടപെടൽ അനുവദിക്കരുത്.
2. വില്ലേജാഫീസിനകത്തോ, കോമ്പൗണ്ടിനുള്ളിലോ ഫാറങ്ങളുടെ വിതരണമോ, തയ്യാറാക്കലോ ഏജന്റുമാർ മുഖേന അനുവദിക്കാൻ പാടില്ല.
3. ഏജന്റുമാരേയോ, പൊതുജനങ്ങളെയോ നിയമാനുസൃതമല്ലാതെ വില്ലേജ് രേഖകൾ പരിശോധിക്കുന്നതിനോ, കൈകാര്യം ചെയ്യുന്നതിനോ അനുവദിക്കരുത്.
4. വിവിധ ആളുകളുടെ വിവിധ ആവശ്യങ്ങൾക്കായി ഒരേ ആൾ തന്നെ നിരവധി തവണ ആഫീസുകളിൽ വരുന്ന പ്രവണത നിരീക്ഷിക്കേണ്ടതും, ഇത്തരം ആൾക്കാർ ഏജന്റുമാരല്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
5. വില്ലേജാഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ഏജന്റുമാരുടെ ഇടപെടലുകൾ ഇല്ലാതെ തന്നെ ലഭിക്കുമെന്ന് പ്രചരണം ലഭിക്കത്തക്ക രീതിയിൽ വില്ലേജ് ജീവനക്കാർ പ്രവർത്തിക്കേണ്ടതാണ്.
6. വില്ലേജ് ജീവനക്കാർ പ്രവർത്തി സമയത്ത്, ഐഡന്റിറ്റി കാർഡ് കാണത്തക്ക രീതിയിൽ നിർബന്ധമായും ധരിച്ചിരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടന്ന് ജില്ലാ കളക്ടർമാരും, റവന്യൂ ഡിവിഷണൽ ഓഫീസർമാരും, വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരും ആവശ്യമായ മിന്നൽ പരിശോധനകൾ നടത്തി നിരീക്ഷിക്കേണ്ടതും ഉറപ്പ് വരുത്തേണ്ടതുമാണ്.

ടി നിർദ്ദേശങ്ങളുടെ ലംഘനം ശ്രദ്ധയിൽപെട്ടാൽ, ഉടൻ തന്നെ ബന്ധപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതിന് ശേഷം വിവരം ലാൻഡ് റവന്യൂ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
കമ്മീഷണർ

സ്വീകർത്താവ്
1. എല്ലാ ജില്ലാ കളക്ടർമാർക്കും
2. വിജിലൻസ് ഡെപ്യൂട്ടി കളക്ടർ (ദക്ഷിണ / മദ്ധ്യ / ഉത്തര മേഖല)
3. എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും (ജില്ലാ കളക്ടർ മുഖേന)
4. എല്ലാ തഹസിൽദാർമാർക്കും (ജില്ലാ കളക്ടർ മുഖേന)
5. എല്ലാ വില്ലേജാഫീസർമാർക്കും (തഹസിൽദാർ മുഖേന)

പകർപ്പ് : കമ്മീഷണറുടെ സി.എ / ജോയിന്റ് കമ്മീഷണറുടെ സി.എ /കരുതൽ ഫയൽ